# ഇവിടെ ഈ ശ്രാവണസന്ധ്യയിൽ

ഡോ. ഡി. ബാബു പോൾ

1956 മാർച്ച് 25. തിരുവിതാംകൂർ കൊച്ചിയിലെ അവസാനത്തെ എസ്.എസ്.എൽ. സി. പരീക്ഷ കഴിഞ്ഞത് അന്നാണ്. പിന്നെ ഫലം വരാൻ കാത്തിരിക്കുന്ന കാലം. അത് വെറുതെ കളഞ്ഞില്ല. ഹെഡ്മാസ്റ്ററുടെ മകനും അധ്യാപകരുടെ പ്രിയശിഷ്യനും എന്ന പദവിയും പള്ളിക്കൂടത്തിനടുത്താണ് വീട് എന്ന ഭൂമിശാസ്ത്രസത്യവും സഹായിച്ചതിനാൽ കുറുപ്പംപടി എം.ജി.എം. സ്കൂളിലെ പുസ്തകങ്ങളിൽ നിഘണ്ടുവും മഹാകാവ്യങ്ങളും ഒഴിച്ചുള്ള പുസ്തകങ്ങളിൽ ബാക്കിയുണ്ടായിരുന്നതെല്ലാം ആ നാളുകളിൽ വായിച്ചു തീർത്തു.

ആ വായനയോ വൈകുന്നേരത്തെ ബാഡ്മിന്റൺ കളിയോ വായനശാലയിലെ സന്ധ്യകളോ മറന്നിട്ടില്ല. എങ്കിലും ഏറ്റവും തെളിഞ്ഞ ഓർമ്മ ആ നാട്ടിൻപുറത്തെ നിശ്ശബ്ദതയാണ്. രാവിലെ സർ സി.പി.യുടെ കാട്ടാന ലോറികൾ മൂന്നാറിൽ നിന്ന് തേയില എടുക്കാൻ പോയിക്കഴിഞ്ഞാൽ പിന്നെ മൂന്ന് നാല് ബസുകളും ഇടയ്ക്കിടെ കിഴക്കുനിന്ന് മുടിക്കൽ ഡിപ്പോയിലേക്ക് തടി കയറ്റിപ്പോവുന്ന ലോറികളും വിരളമായി അലോസരപ്പെടുത്തിയിരുന്നത് ഒഴിച്ചാൽ നിശ്ശബ്ദതയെ ഭഞ്ജിക്കാൻ കാളവണ്ടികളും വടക്കംപറവൂരിൽ നിന്ന് പച്ചമീൻ കൊണ്ടുവരുന്നയാളുടെ സൈക്കിളിലെ പ്രത്യേകതരം ഹോണും മാത്രം. അപ്പൂപ്പൻതാടികൾ ഉണ്ടായിരുന്നു. അവ ശബ്ദം ഉണ്ടാക്കുന്നില്ലല്ലോ. ആറ് ദശാബ്ദങ്ങൾക്കിപ്പുറം കവടിയാറിനും കുറവൻകോണത്തിനും ഇടയ്ക്ക് ഈ മജിസ് കോളനിയിലും ആളനക്കം കുറവാണ്. നഗരമധ്യത്തിലെ ഈ നിശ്ശബ്ദത ആ പഴയ കുന്നത്തുനാടൻ നിശ്ശബ്ദതയുടെ തുടർച്ചയാവുന്നത് പൂർവജന്മസുകൃതവും കാരണവന്മാരുടെ അനുഗ്രഹവും കൊണ്ടുതന്നെ ആവണം. പട്ടത്തും നാലാഞ്ചിറയിലും ഒക്കെ സ്ഥലം കണ്ടതാണ്. എനിക്ക് വിധിച്ചിരുന്നത് ഈ മണ്ണ് ആയിരുന്നു.

ഇവിടെ സ്ഥലം വാങ്ങുമ്പോൾ എനിക്ക് ഇരുപത്തിയഞ്ച് വയസ്സ്. തിരുവനന്തപുരത്ത് അസിസ്റ്റന്റ് കളക്ടർ. മൂന്ന് സിവിൽ സർവീസുകാർ 'വരുന്നോ?' എന്ന് ചോദിച്ചപ്പോൾ കൂടെ കൂടിയതാണ്. അത് നന്നായി. ആയിരം രൂപ ആയിരുന്നു സെന്റിന് വില. അന്ന് അത് കൂടുതലായിരുന്നു. ഇന്ന് മുപ്പത് ലക്ഷം പറയുന്നു. ഈയിടെ ഒരു ധനികൻ വന്നിരുന്നു. ഞാൻ എങ്ങോട്ടു പോകാൻ? എവിടെ കിട്ടും ഈ നിശ്ശബ്ദതയും ഈ കിളികളും എന്റെ അതിഥികളായി ഉച്ചഭക്ഷണത്തിനെത്തുന്ന കാക്ക, മാടപ്രാവ്, മൈന, അണ്ണാൻ എന്നീ സഹോദരങ്ങളും, പകൽ എന്റെ പുൽത്തകിടിയിൽ നിന്ന് ഭയാശങ്കകൾ നിറഞ്ഞ കണ്ണുകളോടെ എന്നെ നോക്കിയിട്ട് വന്നതിലേറെ വേഗത്തിൽ മാടിമറയുന്ന കീരികളും, സന്ധ്യക്ക് മതിലോരം ചേർന്ന് പമ്മിപ്പമ്മി പോകുന്ന എലികളും, അത്താഴം പങ്കിടാൻ എവിടെനിന്നോ വന്നുകയറി പിന്നെ എവിടേയ്ക്കോ പോകാൻ ഇരുളിൽ മറയുന്ന മൂന്ന് പൂച്ചകളും.

തൊട്ടപ്പുറത്തെ സാൽവേഷൻ ആർമി വളപ്പിൽ നിന്ന് പാതിരയടുത്ത് സംഘം ചേർന്ന് ഇറങ്ങി എന്റെ കാവൽക്കാരൻ അജിതകുമാരൻനായരെ ഭയപ്പെടുത്തി ഉണർത്തിയിരുന്ന മരപ്പട്ടികളും? വേണ്ട, ഞാൻ എങ്ങോട്ടുമില്ല. തന്നിഷ്ടപ്രകാരം. എനിക്ക് ഇവിടെ മരിച്ചാൽ മതി. അല്ല, മരിക്കുവോളം ഇവിടെ ജീവിച്ചാൽ മതി.

ഈ സാൽവേഷൻ ആർമി പത്തൊമ്പതാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ രൂപപ്പെട്ട ഒരു പ്രസ്ഥാനമാണ്. അവർ സമ്മേളിക്കുന്ന ഇടങ്ങളിൽ 'ചർച്ച്' എന്ന് എഴുതിവെച്ചിട്ടുണ്ടെങ്കിലും അവർ ഒരു 'സഭ' അല്ല. സാധാരണ പള്ളികളിൽ കാണുന്ന തരം പൂജാകർമങ്ങളും അവർക്കില്ല. അവരുടെ വേദശാസ്ത്രം ക്രൈസ്തവമാണെങ്കിലും 1865ൽ വില്യം ബൂത്ത് സ്ഥാപിച്ച ഈ പ്രസ്ഥാനം ഒരു വ്യാഴവട്ടം കഴിഞ്ഞതാണ് 'രക്ഷാസൈന്യം' എന്ന പേര് സ്വീകരിച്ചത്. തങ്ങളുടെ മാർപാപ്പയെ അവർ ജനറൽ എന്നാണ് വിളിക്കുന്നത്. തിരുവനന്തപുരത്തെ കർദ്ദിനാളിനെ കമ്മീഷണർ എന്നും. സ്ത്രീകൾക്ക് ഇത്ര പ്രാധാന്യം നൽകുന്ന ഒരു മതവിഭാഗം വേറെ ഉണ്ടെന്ന് തോന്നുന്നില്ല. അവരുടെ ജനറൽ ആയിരുന്ന ഒരു മഹതി കേരളം സന്ദർശിച്ചപ്പോൾ അവരുമായി അഭിമുഖം സംസാരിക്കുവാൻ ദൂരദർശൻ–അന്നത്തെ ഒരേയൊരു ചാനൽ–എന്നെയാണ് നിയോഗിച്ചത് എന്ന് ഇപ്പോൾ ഓർമവരുന്നു.

ഇന്ത്യയിൽ അവർ പ്രവർത്തനം തുടങ്ങിയതും ഏറെ വൈകാതെ തന്നെ. ഫ്രെഡറിക് ടക്കർ എന്ന ഐ.സി.എസ്. ഉദ്യോഗസ്ഥൻ അവരുടെ മാസിക 'വാർ ക്രൈ' വായിച്ച് ആ പ്രസ്ഥാനത്തിൽ ആകൃഷ്ടനായി. ഫക്കീർസിങ് എന്ന പേര് സ്വീകരിച്ചു. 1890ൽ തിരുവിതാംകൂറിൽ നാഗർകോവിലിൽ, ഒരു ആശുപത്രി സ്ഥാപിച്ച് ദക്ഷിണേന്ത്യയിൽ പ്രവർത്തനം ആരംഭിച്ച ഇക്കൂട്ടരുടെ മാസിക ഇ.വി. കൃഷ്ണപിള്ളയുടെ 'കവിതക്കേസി'ൽ കടന്നുവരുന്നത് സാഹിത്യപരിചയം ഉള്ളവർ ഓർക്കുന്നുണ്ടാവും. 'ചെമ്മേയെന്നമ്മേ നിൻ പോർമുലക്കുന്നിലേയമ്മിഞ്ഞിപ്പാലുപോലായിടട്ടെ' എന്ന വരിയിലൂടെ കവി കരുണാകരൻ നായർ നടത്തിയ ദ്രോഹത്തെക്കുറിച്ച് ചോദിക്കുന്ന വക്കീലിനോട് പോർമുല എന്തെന്ന് വിശദീകരിക്കുവാൻ "ദിസ് പോർ മീൻസ് വാർ, യെസ്, ഐ അണ്ടർസ്റ്റാൻഡ് ദിസ് ബ്യൂട്ടി ഫ്രം ലൈൻസ് ക്വയറ്റ് വെൽ. വി. ഹാവ് എ പേപ്പർ ഇൻ സൗത്ത് ട്രാവൻകോർ കോംഡ് പോർശതം മിനിട് വാർ ക്രൈ റൺ ബൈ ദിസ് സാൽവേഷനാർമി ഫെലോസ്" എന്ന് പറയുന്ന ആവണിമുത്തു മുൻസിഫിനെ മലയാളി മറക്കുന്നതെങ്ങനെ?

സാൽവേഷനാർമി വളപ്പിന് തൊട്ടുപടിഞ്ഞാറാണ് ഈ കോളനി. ഇരവിന്റെ നിശ്ശബ്ദതയിൽ അവരുടെ പ്രാർഥനാഗീതങ്ങൾ വരാന്തയിൽ ഇരുന്ന് കേൾക്കാറുണ്ട് ഞാൻ. ലോകമെമ്പാടും ക്രിസ്തീയഗാനാലാപനത്തിന് കേൾവികേട്ടവരാണ് രക്ഷാസൈന്യക്കാർ.

രക്ഷാസൈന്യവുമായി എനിക്കുള്ള ബന്ധം ബാല്യകാലം തൊട്ട് തുടങ്ങുന്നു. പെരുമ്പാവൂരിനടുത്ത് വരിക്കോലിയിൽ അവർ ഒരു കുഷ്ഠരോഗാശുപത്രി നടത്തിവന്നിരുന്നു. അച്ഛൻ തന്റെ തുച്ഛശമ്പളത്തിൽ നിന്ന് അവർക്ക് മാസംതോറും അഞ്ച് രൂപ കൊടുക്കുമായിരുന്നു.

കുഷ്ഠരോഗികൾക്കായി ആശുപത്രി നടത്തുന്നത് എത്ര മഹത്തായ സേവനം ആയിരുന്നു എന്ന കാര്യം ഇപ്പോഴത്തെ യുവതയ്ക്ക് ഊഹിക്കാനാവുകയില്ല. അറസ്റ്റ് ചെയ്ത് നൂറനാട് കുഷ്ഠരോഗാശുപത്രിയിലേക്ക് റിമാൻഡ് ചെയ്യണം എന്ന അപേക്ഷയുമായി തിരുവനന്തപുരം സബ്കളക്ടറെ സമീപിച്ച ഒരു രോഗിയുടെ കഥ ഞാൻ 'കഥ ഇതുവരെ' എന്ന കൃതിയിൽ എഴുതിയിട്ടുണ്ടെന്നാ

ണ് ഓർമ. വഞ്ചിയൂർ സ്റ്റേഷനിലെ പോലീസുകാർക്കും ലോക്കപ്പിലെ 'പുള്ളികാ'ർക്കും പോലും കുഷ്ഠരോഗിയുടെ സാമീപ്യം ഭയം പകർന്നു. സാൽവേഷനാർമിയും ആർച്ച്ബിഷപ്പ് ബനഡിക്ട് ഗ്രിഗോറിയോസും മദർ തെരേസയും ഒക്കെ ചെയ്ത സേവനത്തിന്റെ മഹത്ത്വം തിരിച്ചറിയുന്നത് കുഷ്ഠരോഗികളുടെ ദൈന്യം നേരിട്ടറിയാൻ സന്ദർഭം ലഭി



ച്ചവർ മാത്രം ആയിരിക്കാം. ഇപ്പോൾ ഈ നഗരത്തിലും പൊതുവെ നാട്ടിലും കുഷ്ഠരോഗം വലിയ ഭീഷണിയല്ല എന്നത് ആശ്വാസകരം തന്നെ; അത് മറ്റൊരു കാര്യം. പണ്ട് ഫാദർ ഡാമിയൻ സേവനം അനുഷ്ഠിച്ച മൊളോക്കൊ ദ്വീപ്പോലെ ഒന്നായിരുന്നു കൊച്ചിയിലെ വെണ്ടുരുത്തിയും. കുഷ്ഠരോഗിയാണോ, അവിടെ കൊണ്ടുപോയി തള്ളുക. അക്കാലത്താണ് രക്ഷാസൈന്യം അവരെ ശുശ്രൂഷിക്കാൻ ആശുപത്രി തുടങ്ങിയത്.

കവടിയാറിലെ കണ്ണായ സ്ഥലം രക്ഷാസൈന്യത്തിന് കിട്ടിയത് രാജകുടുംബം കോട്ടയ്ക്കകത്ത് താമസിച്ചിരുന്ന കാലത്താണ്. ശ്രീമൂലത്തിന്റെ കാലത്ത് തമിഴ് ബ്രാഹ്മണരായ ചില ഉദ്യോഗസ്ഥർ കവടിയാറിൽ താമസിച്ചിരുന്നു. എന്നാൽ ഒത്തെടുത്ത കുമാരിമാരിൽ ഇളയ ആൾക്ക് വേണ്ടി ഒരു കൊട്ടാരം പണിതത് പിന്നീടാണ്. അന്നുപോലും കവടിയാർ അവന്യൂ ഒരു വീതി കുറഞ്ഞ ചെമ്മൺപാത ആയിരുന്നു. 1931ൽ കിരീടധാരണം കഴിഞ്ഞുള്ള ഘോഷയാത്ര കവടിയാറിൽ സമാപിച്ചതോടെയാണ് മഹാരാജാവിന്റെ വാസസ്ഥലമായി അത് മാറിയത് എന്ന് 'പുതിയ കിഴക്കേമഠം' എന്ന ഞാൻ വിളിക്കുന്ന മലയിൻകീഴ് ഗോപാലകൃഷ്ണൻ എഴുതിയിട്ടുണ്ട്. അന്ന് അത് ഒരു ചെറിയ കൊട്ടാരം ആയിരുന്നു. തമ്പുരാൻ മൻമോഹനിലേയ്ക്കോ മറ്റോ താത്ക്കാലികമായി താമസം മാറ്റിയിട്ട് കേവലം ആറ് മാസം കൊണ്ടാണ് ഇന്ന് കാണുന്ന കൊട്ടാരം നിർമിച്ചത് എന്ന് ഉത്രാടം തിരുനാൾ പറയുമായിരുന്നു. സർ സി.പിയാണ് ആ ചെമ്മൺപാത വീതികൂട്ടി തണൽമരങ്ങൾ നട്ട് അങ്ങോളമിങ്ങോളം ഒരേതരത്തിലുള്ള റാൻഡം റബ്ബിൾ മേസൺറി മതിലുകൾ നിഷ്കർഷിച്ചത്. പബ്ലിക് ഓഫീസിന്റെയും വാട്ടർവർക്സിന്റെയും ഓഫീസുകൾ ഒഴിച്ചാൽ ഏതാനും കൊട്ടാരങ്ങളും ആ മാതൃകയിലുള്ള കെട്ടിടങ്ങളും മാത്രം ആയിരുന്നു ആ റോഡിന്റെ ഓരത്ത് ഉണ്ടായിരുന്നത് . റോഡാകട്ടെ കൊട്ടാരത്തിലേക്കുള്ളതും. റോഡ് അവസാനിക്കുന്നിടത്ത് തൊണ്ണൂറ് ഡിഗ്രിയിൽ രണ്ട് കൊടുംവളവുകൾ താണ്ടിയാണ് നെടുമങ്ങാടിനും ചെങ്കോട്ടയ്ക്കും ബസ്സുകൾ കൊട്ടാരവളപ്പിന്റെ അതിരിന് സമാന്തരമായി പോയിരുന്നത്. രാജാധികാരം ഇല്ലാതായെങ്കിലും കവടിയാർ സ്ക്വയർ അരമതിൽ കെട്ടി അടയാളപ്പെടുത്തിയും ചാരുബെഞ്ചുകൾ നിർമിച്ചും സൂക്ഷിച്ചിരുന്ന ആ കാലം പോയ്മറഞ്ഞിട്ട് നാളേറെ ആയിട്ടില്ല.

എൻജിനിയറിങ് കോളേജിൽ പഠിക്കുന്ന കാലത്ത് സതീർഥ്യനായ കമലാസനൻ എന്നെ സ്കൂട്ടർ ഓടിക്കാൻ പഠിപ്പിച്ചത് അവിടെ ആയിരുന്നു. അക്കാലത്ത് സ്കൂട്ടർ വിരളമായിരുന്നു. ധനാഢ്യനായ ചെല്ലപ്പൻ കോൺട്രാക്ടറുടെ മകനും മറ്റും അല്ലാതെ സ്കൂട്ടർ അപ്രാപ്യമായിരുന്നു. മിക്കവാറും വിദ്യാർഥികൾ കാൽനടക്കാരും ചുരുക്കം പേർ സൈക്കിൾ യാത്രക്കാരും ആയിരുന്ന കാലം. അതിരിക്കട്ടെ. തിരുവനന്തപുരത്തെ വാഹനവിശേഷം മറ്റൊരിക്കലാവാം.

ഈ പ്രദേശവുമായി എനിക്ക് പൂർവജന്മബന്ധം ഉണ്ടായിരുന്നു എന്ന് സംശയിക്കാൻ പ്രേരിപ്പിക്കുന്ന മറ്റൊരു സംഗതി പറയട്ടെ. ഇനി അന്നൊക്കെ എൻജിനിയറിങ് കോളേജിൽ രണ്ടാം വർഷം കഴിയാറാകുമ്പോൾ ഒരു പ്രോജക്ട് വർക്ക് ഉണ്ട്. നഗരത്തിന്റെ സർവേ ഞാനുൾപ്പെടുന്ന സ്ക്വാഡിന് കിട്ടിയത് ഈ പ്രദേശം ആയിരുന്നു. നന്തൻകോട് നിന്ന് സർപ്പക്കാവ് വഴി കുറവൻകോണത്തെത്തി കവടിയാർ കടന്ന് വലത്തോട്ട് തിരിഞ്ഞ് നന്തൻകോട് എത്തുന്നതായിരുന്നു സർക്യൂട്ട്. കരമനയിൽ തിരുപ്പുകഴ് പഠിപ്പിക്കുന്ന വാധ്യാരായി വാർധക്യം പ്രയോജനകരമാക്കുന്ന പ്രശസ്ത കനേഡിയൻ എൻജിനിയർ ഡോ. ബാലു അയ്യരും ഇല. ബോർഡംഗമായിരുന്ന ചന്ദ്രനും ഒക്കെ വിവരം ഉണ്ടായിരുന്നതുകൊണ്ട് സർവേ സുഗമമായി നടന്നു. പെട്ടിയും ചട്ടുകങ്ങളും ഓരോ ഇടങ്ങളിൽ എത്തിച്ചുകൊടുത്താൽ പണി അവർ ചെയ്തുകൊള്ളും. ശേഷം പേർ ശല്യപ്പെടുത്താതിരുന്നാൽമതി. ചാക്യാർകൂത്ത് പോലെ ചിലത് പറഞ്ഞ് മറ്റുള്ളവരുടെ ഹാജർ നിലനിർത്തുകയായിരുന്നു എന്റെ പ്രധാന ജോലി. എങ്കിലും വെയിൽ നമ്മളും കൊള്ളണം. ഇന്നത്തെപ്പോലെ കുപ്പിവെള്ളവും തട്ടുകടയും ഒന്നുമില്ല. ഒരിക്കൽ വല്ലാതെ തളർന്നപ്പോൾ സാൽവേഷനാർമിയിലെ സായിപ്പിന്റെ വീട്ടിൽ കയറി വെള്ളം ചോദിച്ചു. ചോദിച്ചത് വെള്ളം, കിട്ടിയത് സംഭാരം. ആനന്ദലബ്ധിക്കിനിയെന്ത് വേണം! സായിപ്പ് അറിഞ്ഞുതന്നതൊന്നുമല്ല. ബട്‌ലറുടെ ഒരു കൈ സഹായം!

മമ്മിസ് കോളനിയിൽ അന്ന് മമ്മിയുടെ വീടുകൾ മാത്രം. പണ്ഡിറ്റ്സ് കോളനിയിൽ മൂന്നോ നാലോ. കവടിയാറിനും കുറവൻകോണത്തിനും ഇടയ്ക്ക് ആറേഴ്. അതുകൊണ്ടുതന്നെ ജോലിഭാരം കൂടുതലൊന്നും ആയിരുന്നില്ല. തന്നെയുമല്ല ക്ലിഫ് ഹൗസ് ഒഴിവായിക്കിട്ടി. അന്ന് വിമോചനസമരം കഴിഞ്ഞുള്ള പ്രസിഡൻറ് ഭരണകാലം ആയിരുന്നു. അഡ്വൈസർ പി.വി.ആർ. റാവു (ഐ.സി.എസ്.) ക്ലിഫ് ഹൗസിൽ കുടിയാനവൻ. സർവേ ചെയ്യാൻ ചെന്ന ഞങ്ങളെ പോലീസുകാർ ഓടിച്ചു. പ്രിൻസിപ്പലിന്റെ കത്ത് വേണം. അസിസ്റ്റന്റ് പ്രൊഫസർക്ക് പ്രിൻസിപ്പലിനോട് പറയാൻ പേടി. ഉർവശിശാപം ഉപകാരമായി. ക്ലിഫ്ഹൗസിന്റെ മതിൽ പുറത്തുനിന്ന് അടയാളപ്പെടുത്തിയാൽ മതി എന്ന് പഠിപ്പിച്ചു ആ ധീരനായ പദ്മനാഭഗുരു.

ക്ലിഫ്ഹൗസ് ബെയിൻസ് എന്ന സായിപ്പിന്റെ വീട് ആയിരുന്നു. മ്യൂസിയം വളപ്പിന്റെ അധികാരി ആയിരുന്നു ബെയിൻസ്. ജോലിസ്ഥലത്തിനടുത്ത് അദ്ദേഹത്തിന് ഒരു ചെറിയ വീട് വേറെയും ഉണ്ടായിരുന്നു. സായിപ്പ് നാട്ടിലേക്ക് മടങ്ങാൻ തീരുമാനിച്ചപ്പോൾ സ്ഥലം മുറിച്ച് കഷണങ്ങളായി വിറ്റു. ക്ലിഫ്ഹൗസ് പറമ്പ് വിറ്റ് തുടങ്ങിയപ്പോൾ ദിവാൻ ഇടപെട്ട് അത് സർക്കാരിലേക്ക് വാങ്ങി. അതുവരെ വിറ്റത് മ്യൂസിയം ബെയിൻസും നന്തൻകോട് ബെയിൻസും ആയി സായിപ്പിന് നിത്യസ്മാരകവുമായി.

ഇവിടെ ശ്രാവണസന്ധ്യയ്ക്ക് കുന്നത്തുനാടൻ പുൽത്തൈലത്തിന്റെ സുഗന്ധം, അമ്മയുടെയും വീട്ടമ്മയുടെയും സ്ഥാനത്ത് വിളക്കുവെക്കുന്നത് അജിതകുമാരൻ നായർ. എന്റെ മുന്നിൽ അത് ഒരു അർധനിമിഷം നിശ്ചലമാവുമ്പോൾ ബാല്യകാലത്തെന്നത് പോലെ 'വെളിവുനിറഞ്ഞൊരീശോ നിൻ വെളിവാൽ കാണുന്നു വെളിവീയടിയാര, ഖിലധാരമതാം വെളിവും നീ' എന്ന പ്രാർഥനാഗീതം എന്റെ നാവിൽ നിന്ന് ഉതിരുന്നു.

ഈ നിലവിളക്കും ഈ ജപവും പിന്നെ ഈ നിശ്ശബ്ദതയും എന്നെ പിറന്ന വീടിനോട് ബന്ധിപ്പിക്കുന്നു. അപ്പോൾ ഞാൻ പണ്ട് കുറുപ്പംപടിയിലെ ചരൽപ്പാതയിലൂടെ ഉരഞ്ഞുനീങ്ങിയ കാളവണ്ടികളുടെ ചക്രം ഉണർത്തുന്ന ശബ്ദവും ആ കാളകളുടെ കഴുത്തിലെ മണിക്കിലുക്കവും ഇടവഴിയിലെവിടെയോ കള്ളുകുടിച്ച് പാട്ടുപാടുന്ന വർക്കിച്ചേട്ടന്റെ ഗർദഭസംഗീതവും കേൾക്കുന്നു. മമ്മിസ് കോളനിയിൽ മിന്നാമിനുങ്ങുകളില്ലെങ്കിലും അവ എന്റെ മുന്നിൽ ദീപക്കാഴ്ചയൊരുക്കുന്നു എന്ന് എനിക്ക് തോന്നുന്നു. കുറുപ്പംപടിയിലെ ആ കുന്നിൻചരിവിൽ പള്ളിപ്പറമ്പിലെ ആൽമരത്തിൽ എന്നും മിന്നാമിനുങ്ങുകൾ ഉണ്ടായിരുന്നല്ലോ.